**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 877** **07-12-2022 - ൽ മറുപടിയ്ക്ക്**

**വട്ടച്ചിറ ആദിവാസി കോളനി നിവാസികൾക്കുള്ള ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ വട്ടച്ചിറ ആദിവാസി കോളനിയിലെ നിവാസികൾക്ക് ഭവന നിർമ്മാണ പദ്ധതിയിൽ എത്ര വീട്ടുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും ഇനിയും എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കുമോ; | (എ) | വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിലെ ഭവനനിർമ്മാണ പദ്ധതിയിൽ 19 വീടുകൾ അനുവദിച്ചതിൽ 12 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 7 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. |
| (ബി) | ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ഭവനനിർമ്മാണം നടത്തേണ്ട സ്ഥലത്ത് മണ്ണ് നീക്കം ചെയ്ത് സൈറ്റ് ലെവലിംഗ് പ്രവൃത്തികൾ പൂർത്തിയാക്കേണ്ടിയിരുന്നതിനാലാണ് ചില ഭവനങ്ങളുടെ നിർമ്മാണത്തിൽ കാലതാമസമുണ്ടായിട്ടുള്ളത്. |
| (സി) | ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ